# Academic Master Plan

2025-2026

Govt UPS Madikai Alampady

CS CamScanner

## ആമുഖം

കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ജി.യു.പി.എസ് മടിക്കൈ ആലമ്പാടി. പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടം എന്ന നിലയിൽ ഈ നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ ഉയർച്ചയെ ഗുണപരമായി രൂപപ്പെടുത്തിയെടുക്കാൻ ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

1927-ൽ മടിക്കൈ ആലമ്പാടിയിൽ ഒരു എലിമെന്ററി സ്കൂൾ സ്ഥാപിച്ചു കിട്ടുന്നതിന് വേണ്ടി നാട്ടുകാരുടെ കമ്മിറ്റി രൂപീകരിക്കുന്നതിനായി പ്രദേശത്തുള്ളവരുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. സർവശ്രീ. ശംഭു ജ്യോത്സർ, കോളിക്കുന്നുമ്മൽ അമ്പാടി, വാണിയൻ ചോയി വൈദ്യർ, വണ്ണാത്തൻ അമ്പു, മൊളുയമ്പലത്ത് പക്കീരൻ, പുതിയ പുരയിൽ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ. താത്കാലികമായി പുതിയ പുരയിൽ അമ്പാടിയുടെ കളത്തിൽ ഒരു പന്തൽ കെട്ടിയുണ്ടാക്കി വൈക്കത്തു രാമൻ നായരെ അധ്യാപന ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഏച്ചിക്കാനം ജന്മിയായ എ.സി. കോമൻ നായർ അന്ന് തെക്കൻ കർണാടക ജില്ലയിലെ ഹോസ്ദുർഗിനെ പ്രതിനിധീകരിക്കുന്ന മെമ്പറായിരുന്നു. രാമൻ നായർ അദ്ദേഹത്തിന്റെ കാര്യസ്ഥന്റെ മകനാകയാൽ അംഗീകാരം എളുപ്പത്തിൽ നേടാൻ കഴിഞ്ഞു. കോമൻ നായരുടെ അമ്മാവൻ തന്റെ പ്രദേശത്ത് വിദ്യാലയം വേണ്ട എന്നു പറഞ്ഞതിനാൽ ആലമ്പാടി പടേരിയുടെ പ്രദേശത്ത് വിദ്യാലയം സ്ഥാപിക്കാനിടയായി. അമ്പാടിയുടെ കളത്തിൽ നിന്നും സ്കൂൾ കാർക്കോൽ കടയങ്ങാൻ എഴുത്തച്ഛന്റെ പറമ്പിൽ ഷെഡ്ഡ് കെട്ടി അവിടേക്കു മാറ്റി. അംഗീകാരം ലഭിച്ചതിനെ തുടർന്ന് കെട്ടിടം ഒരു പ്രശ്നമായി. ആ പ്രദേശത്തു ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ എരിക്കുളം പാറപ്രദേശത്ത് കോമൻ നായർ തന്നെ മുൻകൈ എടുത്ത് എരിക്കുളം ദേവസ്വം സമിതിക്കാരെ വിളിച്ചു വരുത്തി ഒരു കെട്ടിടം പണിയാനും ആയതിനു വാടക ഗവൺമെന്റിൽ നിന്നും വാങ്ങിക്കൊടുക്കാമെന്ന് ഉറപ്പും നൽകി. അങ്ങനെ എരിക്കുളത്ത് വിദ്യാലയത്തിന്റെ പണി പൂർത്തീകരിച്ചു. സ്വാതന്ത്ര്യ സമര സേനാനിയും അറിയപ്പെടുന്ന സംഗീത നാടക കലാകാരനുമായ വിദ്വാൻ പി. കേളു നായർ ആണ് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തത്. 1980-ൽ ഈ വിദ്യാലയം അപ്പർ പ്രൈമറി ആക്കി ഉയർത്തി.

ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലായി വിദ്യാർഥികളും ഹെഡ്മാസ്റ്റർ ഉൾപ്പെടെ 8 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡന്റും ഉണ്ട്.

മൂന്ന് കിലോമീറ്റർ പരിധിയിൽ തന്നെ എൽ.പി, യു.പി, ഹൈസ്കൂളുകൾ ഉള്ളതിനാൽ ഒരു ചെറിയ പ്രദേശത്തു നിന്നും മാത്രമാണ് കുട്ടികൾ വിദ്യാലയത്തിൽ എത്തിച്ചേരുന്നത്. അതു കൊണ്ടു തന്നെ സ്കൂൾ പ്രവേശനത്തിൽ കഴിഞ്ഞ വർഷങ്ങളായി കുറവ് വന്നിട്ടുണ്ട്. സ്കൂൾ ശാക്തീകരണത്തിന്റെ ഭാഗമായി പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ശക്തമായ പി.ടി.എ കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ ശാക്തീകരണ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് പോകുന്നു. പോസ്റ്റ് കൊറോണ കാലം വിദ്യാർഥികളിൽ സൃഷ്ടിച്ച സാമൂഹ്യ വിദ്യാഭ്യാസ വിടവ് പരിഹരിക്കുകയെന്നതാണ് നിലവിലെ സാഹചര്യത്തിലെ വെല്ലുവിളി. അക്കാദമിക് വിടവ് പരിഹരിക്കുന്നതിനുള്ള ഗുണാത്മക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്നു. ആധുനിക ഡിജിറ്റൽ കാലഘട്ടം കുട്ടികളിൽ സ്വാധീനം ചെലുത്തുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കി പുതു തലമുറയെ നേർവഴിയിലേക്ക് നയിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി ഈ അക്കാദമിക് വർഷം മുതൽ നടപ്പാക്കപ്പെടുകയാണ്. മികച്ച പിന്തുണാ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുകയും നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റുകയും ചെയ്യുക എന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. ഈ വർഷത്തെ എൽ.എസ്.എസ് പരീക്ഷയിൽ 16ൽ 12 കുട്ടികൾക്കും എൽ.എസ്.എസ് നേടാനായി. 6 കുട്ടികൾക്ക് യു.എസ്.എസ് സ്കോളർഷിപ്പും നേടാനായത് അക്കാദമിക് മികവിൽ നമ്മുടെ വിദ്യാലയം മുൻപന്തിയിലാണെന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്. അക്കാദമിക മികവ് നേടുന്നതോടൊപ്പം എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള നൂതന ഗുണമേന്മാ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

| | post sanctioned | post exists | vacant | Remarks |
|---|---|---|---|---|
| 1. | Headmaster | 1 | | |
| 2. | LPST | 4 | | |
| 3. | UPST | 2 | | |
| 4. | Jr. Language teacher (HINDI) | 1 | | |
| 5. | Office Attendant | 1 | | |

CamScanner

## പരിമിതികൾ

* കരിക്കുലം വിഭാവനം ചെയ്യുന്ന പ്രതീക്ഷിത നേട്ടം കൈവരിക്കാത്ത കുറച്ചു കുട്ടികളുണ്ട്.
* വായനയിലും എഴുത്തിലും ശേഷി കൈവരിക്കാത്ത കുറച്ചു കുട്ടികൾ ഓരോ ക്ലാസ്സിലും ഉണ്ട്.
* ഇംഗ്ലീഷ് ആശയവിനിമയ ശേഷിയിൽ പരിമിതികളുണ്ട്.
* ശാസ്ത്രവിഷയങ്ങളിൽ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ പരിമിതികളുണ്ട്.
* സാമൂഹ്യശാസ്ത്രത്തിൽ സെമിനാർ, വിവരശേഖരണ പ്രവർത്തനങ്ങൾ വേണ്ടത്ര മികവ് കൈവരിച്ചിട്ടില്ല.
* ഗണിതത്തിൽ ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം മേഖലകളിൽ ധാരണക്കുറവ് അനുഭവപ്പെടുന്നു.
* പ്രത്യേക പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
* എല്ലാ ക്ലാസ്സുമുറികളും ശിശു സൗഹൃദമായ രീതിയിൽ ആകർഷകമായിട്ടില്ല.
* ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്താനായിട്ടില്ല.
* കലാ കായിക മേഖലയിൽ മികവു പുലർത്തുന്നവർക്കായുള്ള പ്രത്യേക പരിശീലനം ഫലപ്രദമായിട്ടില്ല.
* ജൈവ വൈവിധ്യ പാർക്കും പച്ചത്തുരുത്തും പഠന പ്രവർത്തനങ്ങൾക്കുതകും വിധം സജ്ജമാക്കാനായിട്ടില്ല.

## മികവുകൾ

→ കുട്ടികളിൽ ബഹുഭൂരിപക്ഷവും ശരാശരിയോ അതിൽ കൂടുതലും നിലവാരം പുലർത്തുന്നവരാണ്.

→ സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കാൻ കഴിയുന്നുണ്ട്.

→ അധ്യയന കാര്യങ്ങളിൽ വ്യക്തിഗത ശ്രദ്ധ പരമാവധി നൽകാൻ കഴിയുന്നുണ്ട്.

→ എണ്ണക്കൂടുതൽ മൂലമുള്ള പ്രയാസങ്ങൾ അനുഭവപ്പെടുന്നില്ല.

→ വിവിധ മേളകളിൽ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.

→ ക്ലാസ്സ് പി.ടി.എ കളിൽ ഭൂരിപക്ഷം രക്ഷിതാക്കളും ഹാജരാകുന്നുണ്ട്.

- → അടിസ്ഥാന ശേഷികൾ കൈവരിക്കാത്ത കുട്ടികളുടെ എണ്ണം വളരെ കുറവാണ്.
- →

മാസ്റ്റർ പ്ലാൻ കൊണ്ട് വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ

* പ്രവേശനം നേരിടുന്ന മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ ഉറപ്പുവരുത്തുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന മുഴുവൻ കുട്ടികൾക്കും മികവ് കൈവരിക്കാനാകുന്ന അക്കാദമിക് സൗകര്യം ലഭ്യമാക്കുക.
* എല്ലാ മേഖലകളിലും കുട്ടികൾക്ക് അവസര തുല്യത ഉറപ്പുവരുത്തുക.
* വിദ്യാലയ പ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തുന്ന ഒരു പൊതുസമൂഹത്തെ വാർത്തെടുക്കുക.
* പി.ടി.എ, എസ്.എം.സി സംവിധാനം മികവുറ്റതാക്കുക.
* ലക്ഷ്യപ്രാപ്തിക്കായി മേഖല തിരിച്ചു തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുക.
* ഐ.ടി. അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക.

| ക്രമ നമ്പർ | ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | I | 8 | 12 | 20 |
| 2 | II | 12 | 7 | 19 |
| 3 | III | 19 | 9 | 28 |
| 4 | IV | 15 | 4 | 19 |
| 5 | V | 12 | 14 | 26 |
| 6 | VI | 8 | 12 | 20 |
| 7 | VII | 14 | 12 | 26 |
| | ആകെ | 88 | 70 | 158 |

| ക്ലാസ്സ് | എസ്.സി | | എസ്.ടി | | ഒ.ബി.സി | | [illegible] | | മുസ്ലിം | | പൊതു | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആ | പെ | ആ | പെ | ആ | പെ | [illegible] | [illegible] | ആ | പെ | ആ | പെ | ആ | പെ |
| I | 1 | - | - | - | 5 | 5 | | | - | - | 2 | 7 | 8 | 12 |
| II | - | - | - | - | 3 | 2 | | | 1 | - | 8 | 5 | 12 | 7 |
| III | 1 | - | - | 1 | 11 | 5 | | | 1 | - | 6 | 3 | 19 | 9 |
| IV | - | - | 1 | - | 5 | 2 | | | - | - | 9 | 2 | 15 | 4 |
| V | - | 1 | - | - | 2 | 7 | | | - | - | 10 | 6 | 12 | 14 |
| VI | 2 | - | - | - | 5 | 5 | | | - | - | 1 | 7 | 8 | 12 |
| VII | 1 | - | - | - | 7 | 2 | | | | | 6 | 10 | 14 | 12 |
| | | | | | | | | | | | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
| --- | --- | --- | --- | --- |
| ചിട്ടയായ അനുരൂപണത്തിലൂടെ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ മുഴുവൻ കുട്ടികളെയും ഒന്നാം ക്ലാസിൽ നേടേണ്ടുന്ന മുഴുവൻ ശേഷികളും നേടി എന്ന് ഉറപ്പു വരുത്തുന്നു. | * ഫോർമാറ്റ് തയ്യാറാക്കുന്നു.<br>* സ്കൂൾ പ്രവേശന സമയത്തു തന്നെ കുട്ടിയെ സംബന്ധിച്ച വിവര ശേഖരണം നടത്തുന്നു.<br>* സർവ്വേ വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും<br>* പഠനപ്രവർത്തനാസൂത്രണം<br>* രക്ഷിതാക്കളുടെ യോഗവും പിന്തുണ ഉറപ്പാക്കലും<br>* പ്രതിവാര പ്രവർത്തന വിലയിരുത്തൽ<br>* ഗൃഹസന്ദർശനം<br>* ശില്പശാല സംഘടിപ്പിക്കൽ മൂല്യനിർണയ സാമഗ്രികൾ തയ്യാറാക്കൽ<br>* ഇടക്കാലവിലയിരുത്തൽ<br>* എന്റെ കുട്ടികൾ ക്രമാനുഗത വളർച്ച രേഖപ്പെടുത്തൽ | 2025 ജൂൺ<br>2026 മാർച്ച് | എസ്.ആർ.ജി<br>ക്ലാസ് PTA കമ്മിറ്റി<br>ക്ലാസ് ടീച്ചർ | – |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വായന ശേഷി വികസിപ്പിക്കൽ.<br>പാഠപുസ്തകത്തിന് പുറത്തേക്ക് വായന എത്തിക്കൽ. | * ചിത്രവായന (1,2 ക്ലാസുകൾക്ക്) അക്ഷരകാർഡുകൾ പദകാർഡുകൾ വായനാ സാമഗ്രികൾ തുടങ്ങിയവ തയ്യാറാക്കുന്നു.<br>* ക്ലാസ് ലൈബ്രറി വായനാമൂല ശക്തീകരണം<br>* പാഠപുസ്തകത്തിലെ ഉൾ[illegible] പ്രവർത്തനങ്ങൾക്ക് സഹായകമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ ഉൾപ്പെടുത്തൽ - ചിട്ടപ്പെടുത്തൽ<br>* അമ്മവായന<br>കുട്ടികളെ വായനയിലേക്ക് കൊണ്ടുവരുന്നതിനോടൊപ്പം അമ്മമാരെ കൂടി കൊണ്ടുവരുന്നതിനായി അമ്മമാർക്ക് പുസ്തകം ലഭ്യമാക്കുന്നു.<br>* പുസ്തകചർച്ച<br>+ വായനാക്കുറിപ്പുകൾ<br>* മികച്ച വായനാക്കുറിപ്പുകൾ ക്ലാസ് തലത്തിൽ കണ്ടെത്തുന്നു. മികച്ചവ ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു.<br>* പത്രവായന<br>* ക്ലാസ് തലത്തിൽ പത്രം വിതരണം ചെയ്യുന്നു<br>പത്രവാർത്ത എഴുതി തയ്യാറാക്കുന്നു. | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | എസ് ആർ ജി<br>PTA<br>പ്രാദേശിക എഴുത്തുകാർ, വായനക്കാർ<br>ആ.വി വിഭാഗം<br>മലയാളം അധ്യാപകർ | – |

| | | | | | |
|---|---|---|---|---|---|
| വായന പരിപോഷിപ്പിക്കുന്നു.<br><br>പൊതുവിജ്ഞാനം വികസിപ്പിക്കുന്നു. | | ക്ലാസ്<br>* അസംബ്ലിയിൽ പ്രതിദിന പത്രവാർത്ത അവതരിപ്പിക്കുന്നു.<br>* പ്രതിദിന പത്ര ക്വിസ് നടത്തുന്നു. വിജയികളുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>* മാസത്തിൽ ഒരിക്കൽ പ്രതിദിന വിജയികളെ ഉൾപ്പെടുത്തി മെഗാ ക്വിസ്.<br><br>* പ്രാദേശിക എഴുത്തുകാർ, വായനക്കാർ തുടങ്ങിയവരെ വിദ്യാലയത്തിലേക്ക് ക്ഷണിച്ച് അഭിമുഖം സംഘടിപ്പിക്കൽ | 2025 ജൂൺ.<br>2026 മാർച്ച് | ക്ലാസ് ടീച്ചർ | |
| Easy English (LP UP)<br>ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | | * ഇംഗ്ലീഷ് ന്യൂസ്, കഥകൾ, പാട്ടുകൾ എന്നിവ കുട്ടികൾക്ക് കേൾക്കാൻ അവസരം നൽകുക.<br>* ഇംഗ്ലീഷ് അസംബ്ലി<br>* ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്<br>* ICT പ്രയോജനപ്പെടുത്തിയുള്ള ഉപകരണങ്ങൾ. ഇംഗ്ലീഷ് പുസ്തകം പരിചയപ്പെടുത്തൽ | 2025 ആഗസ്റ്റ്<br>2026 മാർച്ച് | SRG<br>ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക.<br><br>ഗണിതം – ജീവിതത്തിന് വേണ്ടതാണെന്ന് ബോധ്യപ്പെടുത്തുക | പ്രീ ടെസ്റ്റ് · ജൂലൈ<br>* പരിഹാരബോധന പ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>* ഗണിത വസ്തുക്കളുടെ ശേഖരണം താരതമ്യം ചെയ്യൽ ക്രമീകരിക്കൽ<br>* ഗണിത ചാർട്ടുകൾ, മോഡലുകൾ നിർമാണം പ്രദർശനം.<br>* ഗണിത ക്ലബ് ശക്തിപ്പെടുത്തൽ<br>* ഗണിത പഠനോപകരണ നിർമാണ ശില്പശാല സംഘടിപ്പിക്കൽ<br>* അബാക്കസ് ട്രെയിനിങ് ക്ലാസ് സംഘടിപ്പിക്കൽ<br>* ക്ലാസ്മുറികൾ ചുമരുകൾ എന്നിവ പരമാവധി ഗണിതാത്മകമാക്കുക.<br>* മാസത്തിൽ രണ്ടുപ്രാവശ്യം എൽ.പി യു.പി തല ഗണിത ക്വിസ്<br>* ഗണിതം ICT യിലൂടെ<br>* ഗണിത മാഗസിൻ<br>* ഗണിത കേളികൾ | 2025 ജൂൺ മാസം മുതൽ 2026 മാർച്ച് വരെ | എസ്.ആർ.ജി<br>PTA<br>ക്ലാസ് PTA<br>ക്ലാസധ്യാപകർ | |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പരിസരപഠനം<br><br>* ശാസ്ത്രകൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ വളർത്തൽ - (Scientific Temper)<br>* വസ്തുതകളെ ശാസ്ത്രീയമായ കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യാനുള്ള ശേഷി വികസിപ്പിക്കൽ<br>* ശാസ്ത്രമനോഭാവം വളർത്തൽ<br>* ശാസ്ത്രത്തിന്റെ ദുരുപയോഗം തടയൽ | അന്വേഷണാത്മക ശാസ്ത്രപഠന രീതിയായ നിരീക്ഷണം, താരതമ്യം ചെയ്യൽ തരംതിരിക്കൽ നിഗമനത്തിലെത്തിച്ചേരൽ എന്നിവ നേടിയെടുക്കുന്ന വിധത്തിൽ ശാസ്ത്ര പഠനപ്രവർത്തനങ്ങൾ തയ്യാറാക്കൽ<br>* സ്കൂൾ പരിസരം, പരിസ്ഥിതിപ്രാധാന്യമുള്ള സ്ഥലങ്ങൾ, കൃഷിയിടങ്ങൾ ജലസ്രോതസ്സുകൾ തുടങ്ങിയവ സന്ദർശനം<br>* പ്രകൃതിനടത്തം സംഘടിപ്പിക്കൽ<br>* സ്കൂൾ പച്ചക്കറിത്തോട്ട നിർമാണം<br>* ജല ദുർവ്യയം തടയൽ<br>* ഇക്കോ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ<br>* ജൈവവൈവിധ്യ പാർക്ക് നിർമാണം സംരക്ഷണം<br>ശാസ്ത്രമേളകൾ, ശാസ്ത്രസംവാദം തുടങ്ങിയവ പ്രാദേശിക ശാസ്ത്രകാരന്മാരുടെ സഹായത്തോടെ സംഘടിപ്പിക്കൽ<br>പ്ലാസ്റ്റിക്കിന്റെ ഉപയോഗം ലഘൂകരിക്കൽ - ബോധവൽക്കരണം. | 2025 ജൂൺ - 2026 മാർച്ച് | SRG<br>PTA<br><br>ശാസ്ത്രാധ്യാപകർ (UP) | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്: ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | June-March | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്ബ് | PTA |
| | ഫീൽഡ് ട്രിപ്പ്: വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം പുഴയെ അറിയാൻ യാത്രകൾ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം സന്ദർശനം | July | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി: നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ നടത്തുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | June-March | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |

CamScanner

| | | | | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | വാക്കർ ഈവന്റ് : ഇൻസ്പയർ ക്ലബ് , ... ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | June - March | ശാസ്ത്രാധ്യാപകർ, ഇൻസ്പയർ ക്ലബ് സയൻസ്, മാത്സ് ക്ലബുകൾ | |
| | എക്സ്പോ എക്സ്പ്ലോർ: ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | June - March | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര വിസ്മയ ചുവർ: ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയ ചുവർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | June - March | ശാസ്ത്രാധ്യാപകർ | |
| | മുഖാമുഖം: ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി ഒന്നാം ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിക്കുന്നു. ശാസ്ത്രശില്പശാലകൾ സംഘടിപ്പിക്കുന്നു | June - March | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | PTA സയൻസ് ക്ലബ് |

CamScanner

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര: ICT യുടെ സഹായ... ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | June - March | ശാസ്ത്രാധ്യാപകൻ | |
| | പഠനോപകരണ ശില്പശാല: ശാസ്ത്രരംഗത്തെ പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ ശില്പശാല സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്ബ് | PTA |
| | ശാസ്ത്രദിനാചരണങ്ങൾ: ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ വൈവിധ്യമായ പരിപാടികളോടെ ആഘോഷിക്കുന്നു | June - March | ശാസ്ത്രാധ്യാപകൻ സയൻസ് ക്ലബ്ബ് | PTA |
| | യുറേക്കാ: കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | June - March | ശാസ്ത്രാധ്യാപകൻ | |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | ഗണിത ശില്പശാല: കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | June | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും ഒപ്പം ചിന്താശേഷിയുടെ വികാസവും | ഒറിഗാമി ശില്പശാല: ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമിക്കുന്ന അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിതാധ്യാപകർ, ഗണിത ക്ലബ് | PTA |
| 4. ഗണിതം മധുരമാക്കൽ | ഗണിതപാർക്ക്: ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | PTA |

CamScanner

| | | | | |
|---|---|---|---|---|
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതശാസ്ത്രം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർ | PTA |
| 6. ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ പോലെയുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പം കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

CamScanner

| Programme | Activity | Duration | [illegible] | [illegible] |
|---|---|---|---|---|
| 1. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷര എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം | June-Aug. | അക്ഷര ചാർട്ട്<br>പാഠപുസ്തകം | BRC, DIET<br>SCERT (ആവശ്യ വേളയിൽ).<br>ഹിന്ദി അധ്യാപകർ |
| 2. വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചിതമാക്കാനുള്ള അവസരം<br>* | sept - oct | ഹിന്ദി നിഘണ്ടു | PTA, BRC<br>ഹിന്ദി അധ്യാപകർ |

CamScanner

| | | | | |
|---|---|---|---|---|
| ആശയങ്ങൾ തെറ്റു കൂടാതെ എഴുതിപ്പിക്കാൻ സർഗാത്മകരചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ<br>* ക്ലാസ് ലൈബ്രറി<br>* അധിക വായന സാമഗ്രികൾ<br>* ചിത്രം - അടിക്കുറിപ്പ്<br>* ചിത്രം - കഥ പറയൽ<br>* ചിത്രം - കഥ എഴുതൽ<br>* കഥ ബാക്കി എഴുതൽ<br>* വായനാമൂല<br>* ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | NOV - Feb. | പുസ്തകങ്ങൾ | BRC, DIET<br>PTA |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | 1. കളിയിൽ നിന്ന് കാര്യത്തിലേക്ക്: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | June | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| | 2. ഓർമ്മച്ചെപ്പ്: അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് memory test നടത്തുന്നു. | June | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |
| 2) പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | 1. Virtual field trip: ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളുടെ ചരിത്രാവബോധം വളർത്തുന്നു. | June | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | 1. വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്: ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതികൾ മനസ്സിലാക്കുന്നു. | Aug | മാതാപിതാക്കൾ, സാമൂഹ്യ ശാസ്ത്ര അധ്യാപകൻ |

CamScanner

| | | | |
|---|---|---|---|
| 4. വിവര വിനിമയ സങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | 1. [illegible] ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>2. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | 1. ഫീൽഡ് ട്രിപ്പ്, സർവ്വേ: പരിസ്ഥിതി ചർച്ചകൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, കുട്ടികൾ |
| 6. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | പുതുലോകത്തിലേക്ക്: മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഇനങ്ങൾ നിമിഷനേരം കൊണ്ടുള്ള തിരിവിലുള്ള ചോദ്യോത്തരവേളകൾ ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

CamScanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | 1. എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത യാത്രാനുഭവങ്ങൾ, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു<br>2. ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | June-March | മലയാളം അധ്യാപകർ |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉണ്ടാക്കുന്നു | വാർത്തലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസിക എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ നെറ്റിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു | പ്രതിവാരം | മലയാളം ക്ലബ് |

| | | | |
|---|---|---|---|
| | [illegible] പ്രധാന സംഭവങ്ങൾ ക്ലാസ്/ സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം/ മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം ക്ലബ്, മലയാളം അധ്യാപകർ |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ |
| 5) കുട്ടികളിൽ ദിനാചരണങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കൽ | എല്ലാ മാസവും വരുന്ന പ്രത്യേക ദിനങ്ങളുമായി ബന്ധപ്പെട്ട നാടകം, നൃത്താവിഷ്കാരം, തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | മലയാളം അധ്യാപകർ. |

CamScanner

| Aim | Activities | Period | Duty | Finance. |
|---|---|---|---|---|
| 1) To provide opportunities to listen and speak English Properly | 1) Lend Your Ears : Opportunity is given to hear and answer simple questions based on the record heard by the students | June - July. | English Teacher | English club |
| | 2) Breaking news : Children listen English news and understands the exact pronunciation of the words | June - March | English Teacher | |
| | 3) watch Documentry/short film/film based on the text book | June - March | English Teacher | |
| 2) Creative Reading. | 1) Fm Radio : Different types of Drama Stories etc can be performed as radio drama | One in each month | English Teacher | |
| | 2) Reader of the month : Reading competition (news paper) | Every month | English Teacher. | |

| | | | | |
|---|---|---|---|---|
| 3) writing English without mistake | 1) Run baby run: Students are divided into different groups and ask to copy a story / Drama which is displayed in another chart without any error | Jan-feb | English Teacher | |
| | 2) Fun time: Students have to make stories, riddles, poem etc and present before the class | June -march | English Teacher | |
| | 3) English Assembly: Each class have to conduct an English assembly | One in a month | English Teacher. | |
| | 4) Reader's Theater: Students are divided group into different groups and ask to perform reader's theater based on the text book drama/ Story etc | one in a month | English teacher | |

CamScanner